# KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

Code No. 302

ഉപന്യാസം - HS

വിഷയം: മാധ്യമങ്ങളും ആവിഷ്കാരസ്വാതന്ത്ര്യവും.

## മാധ്യമങ്ങളുടെ ആവിഷ്കാര സ്വാതന്ത്ര്യം... നല്ല ഭാവിയിലേക്ക്.

റേഡിയോയിൽ തുടങ്ങി ഇപ്പോൾ ഫേസ്ബുക്കിലും ട്വിറ്ററിലും എത്തിനിൽക്കുകയാണ് മാധ്യമശൃംഖല. ശാസ്ത്രത്തിന്റെയും വിവരസാങ്കേതികവിദ്യയുടെയും അത്ഭുതകരമായ വികാസത്തിന്റെ ഭാഗമായി മാധ്യമങ്ങളും മാറിയിരിക്കുന്നു എന്നത് ആശയവിനിമയത്തിന്റെ പുതിയ തലങ്ങളുടെ മേഖലകളിലേക്കാണ് വിരൽചൂണ്ടുന്നത്. ആദിമകാലത്ത് പ്രാവിനെയും ഹംസത്തെയും ദൂത് വിട്ടിരുന്ന ചരിത്രം ഇന്ന് പഴമയെ ശീലം മാറ്റത്തിന് സംഭവ്യമായിരിക്കുന്നു. അലക്സാണ്ടർ ഗ്രഹാംബെൽ എന്ന മഹാന്റെ, മഹത്തായ കണ്ടുപിടുത്തമായിരുന്ന ടെലിഫോൺ. മാധ്യമവികാസത്തിന്റെ ചുവടുവയ്പ്പുകളിലെ നാഴികക്കല്ലായിരുന്നു. മാർക്കോണിയും ജോൺ ബേർഡും തുടങ്ങിയവരിൽ നിന്ന് മാർക്ക് സുക്കർബർഗിലും ബ്രയാൻ ആക്ടണിലും ജാൻ കൂമിലും വരെയുള്ളവർ മാധ്യമവളർച്ചയിൽ വഹിച്ച പങ്ക് അവിസ്മരണീയമാണ്. ആശയവിനിമയത്തിന് പുതിയ മാനങ്ങളുണ്ടായിരിക്കുകയാണ്, മാധ്യമങ്ങളുടെ വളർച്ചയിലൂടെ.



Scanned by CamScanner

SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

അമേരിക്കൻ പാർലമെന്റിലെ തന്റെ ഇരിപ്പിടത്തിൽ നിന്ന് ഉയർന്ന് തന്റെ ചൂണ്ടുവിരലുകൾ മാധ്യമങ്ങൾക്കു നേരെ ചൂണ്ടി 'നിങ്ങളാണ് നാലാമത്തെ തൂണ്' ~~എന്ന്~~ (You are the fourth estate) എന്ന് പ്രഖ്യാപിച്ചതിലൂടെ ആ മഹാൻ മാധ്യമങ്ങൾക്ക് പുതിയൊരു വിശേഷണം നൽകുകയായിരുന്നു. നിയമനിർമാണം (Legislature), നിയമനിർവഹണം (Executive), നീതിന്യായം (Judiciary) എന്നീ ജനാധിപത്യത്തിന്റെ മൂന്ന് തൂണുകൾക്കുപരിയായി നാലാമത്തൊരു തൂണുകൂടിയുണ്ട്. അതാണ് മാധ്യമങ്ങൾ അഥവാ മീഡിയാസ്. ജനാധിപത്യത്തിന്റെ വിശദീകരണം മഹാത്മാ തന്റെ ഗെറ്റിസ്ബർഗ് പ്രസംഗത്തിലൂടെ പകർന്ന എബ്രഹാം ലിങ്കന്റെ വാക്കുകളോളം പ്രശസ്തമാണ് ഇവയും. ജനാധിപത്യത്തിന്റെ മൂന്ന് തൂണുകൾ മാത്രം ഉണ്ടായിരുന്നെങ്കിൽ ജനാധിപത്യത്തിന്റെ അന്ത്യം; ജനങ്ങൾ അറിയാതെയായിരുന്നേനെ ആ ഭരണസംവിധാനം; അതിന്റെ നിലനിൽപ്പിൽ തന്നെ ഭീഷണി നേരിട്ടേനെ. ഭരണകൂടത്തിൽ നിന്നുള്ള വിവരങ്ങൾ പൊതുജനസമക്ഷത്തിലേക്ക് എത്തിക്കുക എന്നതാണ് നാലാമത്തെ തൂണായ മാധ്യമങ്ങളുടെ കർത്തവ്യം.

ഇന്ന് ലോകത്തെ വിരൽത്തുമ്പിൽ നിർത്താൻ കഴിയുന്നതും മാധ്യമങ്ങളുടെ സാന്നിധ്യത്താലാണ്. ഈ ലോകത്ത് നടക്കുന്ന ഏത് കാര്യവും എവിടെ ഇരുന്നുകൊണ്ടും മനസ്സിലാക്കാൻ സാധിക്കുന്നതും. എവിടെയുമുള്ള ആളുകളുമായി ദൃശ്യസംഭാഷണത്തിൽ പോലും ഏർപ്പെടാൻ സാധിക്കുന്നതും എങ്കിൽ ഇതിലൊക്കെ അനിവാര്യമായ ഘടകം മാധ്യമങ്ങളാണ്. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ

മാധ്യമങ്ങൾക്കുള്ള പങ്ക് നിസ്തുലമാണ്. 2016 നവംബർ 8ന് പ്രധാനമന്ത്രി നോട്ട് അസാധുവാക്കി എന്ന പ്രഖ്യാപനം സാധാരണക്കാരന്റെ കണ്ണുകളിലേക്കും ചിന്തകളിലേക്കും കാതുകളിലേക്കും എത്തിച്ചത് മാധ്യമങ്ങൾ തന്നെയായിരുന്നു. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ കലാമേളയായ കലോത്സവത്തെ തത്സമയം സംപ്രേഷണം ചെയ്യാൻ സാധിക്കുന്നതും മാധ്യമങ്ങളുടെ പ്രവർത്തനത്തിലൂടെയാണ്. മാധ്യമപ്രവർത്തകരുടെ സമഗ്രസേവനമാണ് അന്തരീക്ഷത്തിൽ സാധ്യമാക്കുന്നത് എന്ന് നിസ്സംശയം പറയാൻ സാധിക്കും.

ഒരു രാഷ്ട്രത്തിലെന്ന പോലെ; ഒരു ജനതയിലെന്ന പോലെ; സംസ്കാരങ്ങളിലെന്ന പോലെ മാധ്യമങ്ങളുടെ കാര്യത്തിലും വൈവിധ്യം നിലനിൽക്കുന്നുണ്ട്. റേഡിയോ, പത്രം, ടെലിവിഷൻ തുടങ്ങിയവയും ഫേസ്ബുക്ക്, വാട്സ് ആപ്പ് ട്വിറ്റർ തുടങ്ങിയവ ~~യിൽ~~ ഉൾപ്പെടുന്ന സാമൂഹ്യമാധ്യമങ്ങളുടെ വൈവിധ്യം ജനങ്ങളെ; വ്യത്യസ്ത വിധങ്ങളെ സ്വാധീനിക്കുന്നത് വ്യത്യസ്തരീതിയിലാണ്. വളരെയധികം പ്രാധാന്യമുള്ളതിനാൽ തന്നെ കാലികപ്രസക്തി നേടുന്ന ഒരു വിഷയമാണ് മാധ്യമങ്ങളും ആവിഷ്കാരസ്വാതന്ത്ര്യവും. ടെലിവിഷനിൽ തന്നെ വാർത്താമാധ്യമങ്ങൾ തമ്മിൽ മത്സരങ്ങൾ നടക്കുന്ന ഈ സാമൂഹ്യാന്തരീക്ഷത്തിൽ ഈ വിഷയത്തിന് പ്രസക്തിയേറുകയാണ്. പത്രങ്ങളുടെ കാര്യവും ഇതുതന്നെയാണ്. മാതൃഭൂമി, മലയാള മനോരമ ദീപിക, ദേശാഭിമാനി, ചന്ദ്രിക, ജന്മഭൂമി, തേജസ് എന്നിങ്ങനെ നീളുകയാണ് കേരളത്തിലെ പത്രങ്ങളുടെ



Scanned by CamScanner

പേരുകൾ. അവയിൽ വരുന്ന വാർത്തകളുടെ സാരം ഒന്നു തന്നെയാണെങ്കിലും അവയോടുള്ള പത്രങ്ങളുടെ മനോഭാവം വ്യത്യസ്തമായിരിക്കും. അവ ഓരോന്നിനും ബന്ധപ്പെട്ട് പ്രതിഭാസം സംഭവിച്ചുകൊണ്ടുമിരിക്കുന്നു. എന്നാൽ ഇതിലൊക്കെ ഉപരിയായി പ്രാധാന്യമർഹിക്കുന്നത് ജനങ്ങളുടെ ഇതിനോടുള്ള ഭാവമാണ്. ഓരോ പത്രമാധ്യമങ്ങൾക്ക് ചില വിഭാഗങ്ങളുമായി പ്രത്യേക ചായ്‌വുണ്ടായിരിക്കും. അത് രാഷ്ട്രീയത്തിലായിരിക്കാം, ജാതി-മത വേർതിരിവുകൾക്കധിഷ്ഠിതമായി ആയിരിക്കാം. സമകാലിക പ്രശ്നങ്ങൾ ഉയരുന്ന വിഷയങ്ങൾ അധികരിച്ച് ഓരോരോ പത്രങ്ങളും മുഖപ്രസംഗം ദിനംതോറും എഴുതാറുണ്ട്. അതിൽ നിന്ന് അവയുടെ അതിനോടുള്ള നിലപാടുകൾ മനസ്സിലാക്കാൻ സാധിക്കും. എന്നാൽ എല്ലാത്തിനേയും ഇത്തരത്തിൽ പെടുത്താൻ സാധിക്കുകയില്ല. ചില നിഷ്പക്ഷമായവയാണ്. എന്നിരുന്നാലും രാഷ്ട്രീയ മനോഭാവത്തിലധിഷ്ഠിതമായിരിക്കുന്ന ഒരു സമൂഹത്തിൽ ഈ വസ്തുത നിഷ്ഫലമാവുകയാണ് പതിവ്.

ടെലിവിഷനിലെ വാർത്താമാധ്യമങ്ങൾക്ക് ഇന്ന് ആസ്വാദകർ ഏറെയാണ്. ദിനംതോറുമുള്ള അല്ലെങ്കിൽ ഏറ്റവും പ്രസക്തിയുള്ള വിഷയത്തെ സംബന്ധിച്ച് ഉജ്ജ്വലമായി ചർച്ചകൾ നടത്തുന്ന വ്യത്യസ്ത രാഷ്ട്രീയ വിഭാഗത്തിലോ, അല്ലെങ്കിൽ മത വിഭാഗത്തിലോ പെടുന്നവരെ ഇന്ന് ചർച്ചത്തൊഴിലാളികൾ എന്ന് വിളിക്കേണ്ടി വരുന്നുണ്ട്. ഇത് കേരളത്തിലും പ്രവേശനമുള്ളവയാണ് മാധ്യമങ്ങൾ.

KERALA SCHOOL ... PROGRAMME COMMITTEE ... 2017

കുട്ടികൾ മുതൽ തൊണ്ടാത വരെയുള്ള എല്ലാവർക്കും അവർക്ക് പ്രവചന സ്വാതന്ത്ര്യമുണ്ട്! ഓരോ പ്രശ്നത്തിനോടും നീതിയുക്തമായ രീതിയിൽ മനോഭാവം പുലർത്താനും യാഥാർത്ഥ്യത്തെ അയഥാർത്ഥമാക്കാൻ ശ്രമിക്കാത്തവരുമാകണം മാധ്യമങ്ങൾ. ഇയടുത്തയിടയ്ക്ക് കോടതിയിൽ വന്ന നാല് മാധ്യമപ്രവർത്തകരെ എഴുതുകയും പ്രക്ഷേപിഷിക്കുന്നതിൽ എതിർപ്പുകൾ ഉണ്ടാകുകയും ചെയ്തു നാം കണ്ടതാണ്. ~~മാധ്യമങ്ങൾ ആവിഷ്കാര സ്വാത~~

മാധ്യമങ്ങൾക്ക് ആവിഷ്കാര സ്വാതന്ത്ര്യം വേണം. പരിമിതമായ രീതിയിലാകണം എന്നു മാത്രം. യാഥാർത്ഥ്യത്തെ മിഥ്യാബോധത്തിലധിഷ്ഠിതമാക്കാതെ പൊതുജനത്തിലേക്കെത്തിക്കാൻ അവർക്ക് സാധിക്കണം. മാധ്യമങ്ങളെ വിശ്വസിക്കുന്ന ഒരു രീതി സമൂഹത്തിലുണ്ട്. എന്നാൽ യാഥാർത്ഥ്യത്തെ തെരഞ്ഞെടുത്ത് കൽപിത ന്യൂസുകൾ' മിക്കവാറും ഉപയോഗിക്കുന്ന നവമാധ്യമങ്ങളിലേക്ക് തിരിയുന്ന പ്രവണതകൾക്കെതിരെ ആകണം. രാഷ്ട്രീയത്തിൽ തന്നെ ഭിന്നിപ്പുകൾ സാധാരണമാണ്. ഇത്തരം ഭിന്നിപ്പുകൾ മാധ്യമങ്ങൾക്കിടയിൽ കടന്നുകൂടിയാൽ ദുസ്സഹമാകും ജനങ്ങളുടെ ജീവിതം. രാഷ്ട്രീയക്കാരുടെ അധികാരതിമർപ്പ് നേതാക്കൾ ഉന്നയിക്കുമ്പോൾ അതിൽ ലയിച്ച് അവരുടെ ~~സ്വന്ത~~ സ്വന്തതയിലേക്ക് കടക്കുന്ന രീതിക്ക് അന്ത്യം കുറിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



Scanned by CamScanner

സിനിമ-സീരിയൽ, രാഷ്ട്രീയ-സാംസ്കാരിക,
സാഹിത്യ രംഗങ്ങളിലെ പ്രശസ്തരെ ഹനിക്കുന്ന കാര്യ
വിഷയങ്ങളിലും ശേഖരിച്ച് തങ്ങളുടെ റേറ്റിംഗ് കൂട്ടാൻ
നടക്കുന്ന മാധ്യമപ്രവർത്തകർ ദൈനംദിന
കാഴ്ചയാണ്. മാധ്യമങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യം
ഒരു ജനാധിപത്യ രാജ്യത്തിൽ അത്യന്താപേക്ഷിതമാണ്.
അതിനെ ധ്വംസിക്കുന്നവരെ ഫാസിസ്റ്റുകളെന്ന്
മുദ്രകുത്തപ്പെടുന്ന ഒരു ഫാസിസം സംജാതമായി
ക്കൊണ്ടിരിക്കുന്ന കാലത്താണ് നമുക്ക് ജീവിക്കേണ്ടത്.
ജനാധിപത്യത്തിന്റെ നാലാമത്തെ തൂണായ
മാധ്യമങ്ങൾക്ക്, സത്യത്തെ മിഥ്യകളിൽ നിന്ന്
വേർതിരിച്ച്, മറ്റൊരാളുടെ സ്വകാര്യതയിലേക്ക്
കടന്നാക്രമി തങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യം;
ആവിഷ്കാരസ്വാതന്ത്ര്യത്തെ ഉപയോഗിക്കാൻ
കഴിയുന്ന ഒരു നല്ല നാളെ സംജാതമാകണം.
~~ഒ~~ മാധ്യമങ്ങളുടെ ചതിക്കുഴികളിൽ പെടാതിരി
ക്കാൻ നമുക്കും സാധിക്കണം. പൊതുജനത്തിന്
പുതിയ ബോധതലത്തിലേക്കുയരാൻ സാധിക്കണം.
ഇന്നിന്റെ നിണവുകളോട് വിടചൊല്ലാം.
ഇനിയെന്നാൽ സമത്വസുന്ദരമായ നന്മ
നിറഞ്ഞ നാളെ സംജാതമാക്കാനും മാധ്യമ
ങ്ങളുടെ ആവിഷ്കാരസ്വാതന്ത്ര്യത്തിന് കഴിയട്ടെ
എന്ന് പ്രത്യാശിക്കാം.